Malappuram District Police

## 04.08.2017 അരീക്കോട്

ഒന്നേകാൽ കിലോ കഞ്ചാവുമായി ഊർങ്ങാട്ടിരി സ്വദേശി പിടിയിൽ. കല്ലരട്ടിക്കലിനടുത്ത ഈസ്റ്റ് വടക്കുംമുറിയിലെ കാരിപറമ്പൻ സമജ് (38) ആണ് പിടിയിലായത്. വ്യാഴാഴ്ച വൈകുന്നേരം നാലരയോടെ അരീക്കോട്, വാഴക്കാട് റോഡ് കവലയിൽ വാഹനപരിശോധന നടത്തുകയായിരുന്നു അരീക്കോട് എസ്.ഐ കെ. സിനോദും സംഘവും. ഈ സമയം തൊട്ടടുത്ത ബസ് കാത്തിരിപ്പുകേന്ദ്രത്തിൽ ഇരിക്കുകയായിരുന്ന സമജിന്റെ നീക്കങ്ങളിൽ സംശയം തോന്നി സമജിന്റെ കൈവശമുണ്ടായിരുന്ന പ്ലാസ്റ്റിക് സഞ്ചി പരിശോധിച്ചപ്പോഴാണ് ഒന്നേകാൽ കിലോ വരുന്ന കഞ്ചാവ് കണ്ടെടുത്തത്. ജില്ലയിലെ മൊത്ത കഞ്ചാവ് വിതരണ ശൃംഖലയിലെ കണ്ണിയാണ് സമജെന്ന് സംശയിക്കുന്നുണ്ട്. ഇയാൾക്കെതിരേ നിലവിൽ കേസുകളുമുണ്ട്. പശു, ആട് തുടങ്ങിയവയുടെ കച്ചവടത്തിന്റെ മറവിലാണ് ഇയാൾ കഞ്ചാവ് കച്ചവടം നടത്തുന്നത്.